# കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്

## പ്രസിദ്ധീകരണത്തിന്

തിരുവനന്തപുരം

നമ്പർ. 329/റിക്രൂ/2020/കെ.ഡി.ആർ.ബി 16.08.2021

മലബാർ ദേവസ്വം ബോർഡിലെ ക്ലർക്ക് തസ്തികയിലേയ്ക്ക് (നേരിട്ടുള്ള നിയമനം വഴിയും തസ്തികമാറ്റം വഴിയും) നിയമനത്തിന് അപേക്ഷ സമർപ്പിച്ചവർക്കായി (കാറ്റഗറി നമ്പർ : 41/20 & 42/20) എറണാകുളം, കോഴിക്കോട് മേഖലകളിലെ വിവിധ പരീക്ഷാകേന്ദ്രങ്ങളിൽ വച്ച് 29.08.2021 ഞായറാഴ്ച ഉച്ചയ്ക്ക് 1.30 മുതൽ 3.15 വരെ ഒരു ഒ.എം.ആർ പരീക്ഷ നടത്തുന്നു. അഡ്മിഷൻ ടിക്കറ്റ് വെബ്സൈറ്റിൽ ലഭ്യമാണ്. ഉദ്യോഗാർത്ഥികൾക്ക് അവരുടെ പ്രൊഫൈൽ വഴി അഡ്മിഷൻ ടിക്കറ്റ് ഡൗൺലോഡ് ചെയ്യാൻ കഴിയും.

പരീക്ഷയിൽ പങ്കെടുക്കുന്ന ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾ (40% മുകളിൽ ഭിന്നശേഷിയുള്ളവർ) അവർക്ക് സ്ക്രൈബിനെ ആവശ്യമുണ്ടെങ്കിൽ ആയത് പരീക്ഷാതീയതിയ്ക്ക് ഏഴ് ദിവസം മുൻപെങ്കിലും കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ഓഫീസിൽ അറിയിക്കണം. പരീക്ഷയുടെ അഡ്മിഷൻ ടിക്കറ്റ്, മെഡിക്കൽ ബോർഡ് നൽകുന്ന നിശ്ചിത മാതൃകയിലുള്ള ഡിസെബിലിറ്റി സർട്ടിഫിക്കറ്റിനൊപ്പം "എഴുതുവാൻ ബുദ്ധിമുട്ടുണ്ട്" എന്ന് കാണിച്ചുകൊണ്ട് ബന്ധപ്പെട്ട സ്പെഷ്യാലിറ്റിയിലെ ഡോക്ടർ നൽകുന്ന സർട്ടിഫിക്കറ്റ്, ഇവ സഹിതം അപേക്ഷ സമർപ്പിക്കുന്ന ഭിന്നശേഷിക്കാർക്ക് മാത്രമേ സ്ക്രൈബിനെ അനുവദിക്കുകയുള്ളൂ.

ഈ പരീക്ഷയിൽ പങ്കെടുക്കുന്നവരിൽ കോവിഡ് ബാധിതരോ, ക്വാറന്റയിനിൽ കഴിയുന്നവരോ, കണ്ടെയിൻമെന്റ് സോണിൽ നിന്നുള്ളവരോ, അന്യസംസ്ഥാനത്തു നിന്നോ വിദേശത്തു നിന്നോ വന്നവരോ ഉണ്ടെങ്കിൽ പ്രസ്തുത വിവരം പരീക്ഷയ്ക്ക് 2 ദിവസം മുൻപ് കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ഓഫീസിൽ ഇ-മെയിൽ (kdrbtvm@gmail.com) മുഖാന്തിരമോ, ഫോൺ മുഖാന്തിരമോ അറിയിക്കേണ്ടതാണ്. കോവിഡ് പോസിറ്റീവായ ഉദ്യോഗാർത്ഥികൾ പ്രത്യേക വാഹനത്തിൽ എത്തിയാൽ മാത്രമേ പരീക്ഷ എഴുതുവാൻ അനുവദിക്കുകയുള്ളൂ. ഇ-മെയിലിൽ ഉൾപ്പെടുത്തേണ്ട രേഖകൾ, കോവിഡ് പോസിറ്റീവ് ആയവർക്കുള്ള നിർദ്ദേശങ്ങൾ ഇവ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന്റെ വെബ്സൈറ്റിൽ (www.kdrb.kerala.gov.in) ലഭ്യമാണ്.

സെക്രട്ടറി
കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്